(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ.9/880/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി

തൊടുപുഴ-685584
Ph:04862-227332

ഇ-മെയിൽ-doidk.ksad@kerala.gov.in

തീയതി:10.12.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :- **കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്**-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1, 3 എന്നീ ഭാഗങ്ങളിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) അസി.ഗ്രാമവികസന കമ്മീഷണർ, ഇടുക്കി

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-9/880/2019 തിയതി:10.12.2019

# ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ **കട്ടപ്പന ബ്ലോക്ക്** പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 03.02.2019 മുതൽ 28.08.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മൂന്ന് അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും , സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ടി.എൽ.സാംകുട്ടി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.08.2019 മുതൽ 05.09.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.കെ.മധുസൂദനൻ നായർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. മേജോ.കെ.ജോർജ്ജ്, സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ.സി, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| **പ്രസിഡണ്ട്** | |
| ശ്രീമതി. സാലി ജോളി | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | |
| ശ്രീ പി.എ.മുഹമ്മദ് സലീം | 01.04.2018 മുതൽ 31.07.2018 വരെ |
| ശ്രീ ഷാഫി പ്രസാദ് ഡി (ജോയിന്റ് ബി ഡി ഒ-അധിക ചുമതല) | 01.08.2018 മുതൽ 04.02.2019 വരെ |
| ശ്രീ. ധനേഷ് ബി | 05.02.2019 മുതൽ 31.03.2019 വരെ |
| **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ** | |
| ശ്രീ. ഉഷാനന്ദൻ കെ എം | 01.04.2018 മുതൽ 31.03.2019 വരെ |
| **അസിസ്റ്റന്റ് എഞ്ചിനിയർ** | |
| ശ്രീ. ജോസഫ് മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |

| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ഉപ്പുതറ | |
|---|---|
| ഡോ. കെ.എ.സെബാസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ സി.എച്ച്.സി വണ്ടൻമേട്** | |
| ഡോ. റ്റിജു പി ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| **അസിസ്റ്റന്റ് ഡയറക്ടർ (കൃഷി-കട്ടപ്പന)** | |
| ശ്രീമതി.രശ്മി വിജയൻ | 01.04.2018 മുതൽ 08.08.2018 വരെ |
| ശ്രീമതി.സൂസൻ ബഞ്ചമിൻ | 09.08.2018 മുതൽ 31.03.2019 വരെ |
| **ഡയറി എസ്റ്റൻഷൻ ഓഫീസർ** | |
| ശ്രീ. എം.എൽ.ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| **ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ** | |
| ശ്രീമതി. ഷൈനി ഐസക്ക് | 01.04.2018 മുതൽ 31.03.2019 വരെ |
| **പട്ടികജാതി വികസന ഓഫീസർ** | |
| ശ്രീ. ബേബി തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| **പട്ടികവർഗ്ഗ വികസന ഓഫീസർ** | |
| ശ്രീ. സുനീഷ് പി.വൈ | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| I | ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ ക്യാഷ് പരിശോധന | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | | |

| | | |
|---|---|---|
| | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | കാർഷിക യന്ത്ര സാമഗ്രികൾ ടെണ്ടർ നടപടി ഇല്ലാതെ വാങ്ങി- ചെലവ് തടസ്സം- ജി.എസ്.ടി.ഇനത്തിൽ നഷ്ടം. | 1-12 |
| 13 | ഡയാലിസിസിന് ധനസഹായം - അനുവദനീയമല്ലാത്ത പദ്ധതി-ചെലവ് തടസ്സം | 1-13 |
| 14 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം-വ്യക്തമായ രേഖകളില്ലാതെ കുറഞ്ഞ തുക ക്വോട്ട് ചെയ്ത ടെണ്ടർ ഒഴിവാക്കി-അപാകത-ചെലവ് തടസ്സം | 1-14 |
| 15 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-15 |
| 16 | ഗ്രാമപഞ്ചയാത്തുകൾക്ക് പ്രോജക്ടുകളുടെ വിഹിതം നൽകൽ-വിനിയോഗ വിവരം ലഭിച്ചിട്ടില്ല. | 1-16 |
| 17 | ലൈബ്രറികൾക്ക് ഫർണിച്ചർ പൂർണമായി വിതരണം ചെയ്തിട്ടില്ല | 1-17 |
| II | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| III | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| IV | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 18 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 19 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 20 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 22 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 23 | സ്ഥിര നിക്ഷേപം | 4-6 |
| 24 | ഓഡിറ്റ് റിക്കവറി | 4-7 |
| 25 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 26 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| V | അനുബന്ധം | |
| 25 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 26 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | അനുബന്ധം-2 |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

22.03.2018-ലെ പഞ്ചായത്തിന്റെ പ്രത്യേക ബജറ്റ് കമ്മറ്റിയിൽ അവതരിപ്പിച്ച 2018-19 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 27.03.2018

പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകരിച്ചു. എന്നാൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ബജറ്റ് അവതരിപ്പിച്ചില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന ബജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർണമായും പാലിച്ചിട്ടില്ല. സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേററും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. നിർവ്വഹണ ഉദ്യോഗസ്ഥരും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചില്ല. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

കാർഷിക യന്ത്ര സാമഗ്രികൾക്കായി 36 ലക്ഷം, ക്ഷീരമേഖലയിൽ 40 ലക്ഷം, പാലിയേറ്റീവ് കെയറിന് 33 ലക്ഷം, ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനത്തിന് 16 ലക്ഷം, ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് 33.80 ലക്ഷം, വനിത വിപണനകേന്ദ്രങ്ങൾക്ക് 40 ലക്ഷം, സാനിറ്ററി കോംപ്ലക്സുകൾക്ക് 40 ലക്ഷം, ഹൗസിംഗ് സ്കീമുകൾക്കായി 1.49 കോടി, പട്ടിക വർഗ്ഗ വിഭാഗത്തിനായി 1.04 കോടി, പട്ടിക വർഗ്ഗ വിഭാഗത്തിനായി 43 ലക്ഷം, ഡയാലിസിസ് ധനസാഹായത്തിന് 20 ലക്ഷം എന്നിവയാണ് ബജറ്റിൽ വിഭാവനം ചെയ്ത പ്രധാന പദ്ധതികൾ. ബജറ്റിൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്ത് പരമാവധി ശ്രമിച്ചിട്ടുണ്ട്. എന്നാൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കിവെച്ച തുകയിൽ പകുതി പോലും ചെലവഴിച്ചില്ല.

ബജറ്റിലെ പ്രതീക്ഷിത വരവ്- ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ്-ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ചില ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ബജറ്റ് പ്രകാരം (തുക ലക്ഷത്തിൽ) | വാർഷിക കണക്കുകൾ പ്രകാരം (തുക ലക്ഷത്തിൽ) |
|---|---|---|---|
| 1 | വാടക | 4.0 | 0.20 |
| 2 | പലിശ | 5.0 | 0.094 |
| 3 | മറ്റ് വരവുകൾ | 0.00 | 0.88 |
| 4 | യാത്രാബത്ത-മെമ്പർമാർ | 7.00 | 1.46 |
| 5 | വേതനം | 3.0 | 3.14 |
| 6 | യാത്രാ ചെലവുകൾ | 0.0 | 0.48 |
| 7 | ഓഫീസ് ചെലവുകൾ | 3.50 | 3.95 |
| 8 | റിപ്പയർ | 0.00 | 1.24 |

പഞ്ചായത്തിന് വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കുവാൻ സാധ്യതയുള്ള വരവുകൾ വാസ്തവികമായിരിക്കേണ്ടതാണ്. കൂടാതെ, ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, ബ്ലോക്ക് പഞ്ചായത്ത് 2018-19 ൽ റിവൈസ്ഡ് പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പുതുക്കിയ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേക

ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 10.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13374883 |
| വരവ് | 93056756 |
| ആകെ | 106431639 |
| ചെലവ് | 86207189 |
| നീക്കിയിരിപ്പ് | 20224450 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 58231000 | 58231000 | 58231000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11792000 | 11792000 | 6597886 | 5194114 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 4160000 | 4160000 | 2982087 | 1177913 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6895000 | 6895000 | 4755690 | 2139310 |
| തൊഴിലുറപ്പ് | 0 | 261000 | 261000 | 261000 | 0 |
| എസ്.ജി.എസ്.വൈ | 10716 | 379 | 11095 | | 11095 |
| ദാരിദ്ര്യ ലഘൂകരണം | 57000 | 139693 | 196693 | 151448 | 45245 |
| ടോട്ടൽ സാനിറ്റേഷൻ | 26149 | 765 | 26914 | 4573 | 22341 |
| ഐ.ഡബ്ല്യ.എം.പി | 608131 | 10053956 | 10662087 | 1232618 | 9429469 |
| കേന്ദ്രഫണ്ട് | 9509 | 565 | 10074 | 0 | 10074 |
| കേന്ദ്ര ഫണ്ട് | 33734 | 0 | 33734 | 0 | 33734 |
| സാക്ഷരത | 0 | 93851 | 93851 | 62769 | 31082 |
| സംസ്ഥാന ഗ്രാന്റ് | 3000 | 0 | 3000 | 3000 | 0 |
| കേരളോത്സവം | 30000 | 0 | 30000 | 30000 | 0 |
| ഗ്രാമ പഞ്ചായത്ത് | 4032549 | 656250 | 4688799 | 704750 | 3984049 |

| | | | | | |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 6241181 | 4323197 | 10564378 | 6511031 | 4053347 |
| ഗ്രാമ പഞ്ചായത്ത വിഹിതം | 7000 | 0 | 7000 | 0 | 7000 |
| അവാർഡ് | 9451 | 0 | 9451 | 0 | 9451 |
| പൊതു ഉദ്ദേശ്യ ഗ്രാന്റ് | 0 | 4012000 | 4012000 | 4012000 | 0 |
| ബാങ്ക്/ട്രഷറി ആക്കൗണ്ടുകൾ | | | | | |
| യു.ബി.ഐ-ഐ.എ.വൈ അഡ്മിൻ | 33734 | 139695 | 173429 | 128184 | 45245 |
| ട്രഷറി-ടി.എസ്ബി | 1968996 | 5163756 | 7132752 | 6379566 | 753186 |
| യു.ബി.ഐ-എസ്.ജി.എസ്.വൈ | 10716 | 379 | 11095 | 0 | 11095 |
| ഐ.ഡി.സി.ബി-ഇ.എം.എസ് | 500 | 0 | 500 | 0 | 500 |
| യു.ബി.ഐ-ഐ.എ.വൈ പ്ലാൻ | 10273730 | 4979447 | 15253177 | 5929882 | 9323295 |
| യു.ബി.ഐ-പലവക | 109967 | 338972 | 448939 | 255959 | 192980 |
| യു.ബി.ഐ-ടി.എസ്.സി | 21576 | 765 | 22341 | 0 | 22341 |
| യു.ബി.ഐ-ബി.പി.എൽ സർവേ | 123793 | 4390 | 128183 | 0 | 128183 |
| യു.ബി.ഐ-സാക്ഷരത, പൈക്ക | 207231 | 93851 | 301082 | 0 | 301082 |
| യു.ബി.ഐ-എൻ.ബി.എ | 9509 | 565 | 10074 | 0 | 10074 |
| എസ്.ഐ.ബി-ഐ.ഡബ്ല്യ.എം.പി-II | 587558 | 10053201 | 10640759 | 1232557 | 9408202 |
| യു.ബി.ഐ-ഐ.ഡബ്ല്യൂ.എം.പി-IV | 20573 | 755 | 21328 | 61 | 21267 |
| ടി.എസ്.ബി-ജോയിന്റ് | 7000 | 0 | 7000 | 0 | 7000 |

പലിശയിനത്തിലുള്ള വരവ് ഗ്രാന്റിൽ ഉൾപ്പെടുത്തിയാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്ന ഹെഡിൽ ₹ 1285899 ആസ്തി ബാദ്ധ്യത പത്രികയിൽ കൊടുത്തിട്ടുണ്ട്. എന്നാൽ, ബ്ലോക്ക് വിഹിതം എന്ന ഹെഡിൽ 2018-19 ൽ വരവിലുള്ളതായി കാണുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 122 | 116092031 | 85 | 74452999 | - | 37 | 69.67 |

2018-19 വാർഷിക പദ്ധതി ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആസൂത്രണ സമിതി | 28.12.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം | 29.12.2017 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 04.01.2018, 06.02.2018 |
| ഗ്രാമസഭാ യോഗങ്ങൾ | 03.03.2018 |
| വികസന സെമിനാർ | 15.03.2018 |

| | |
|---|---|
| സ്റ്റാന്റിംഗ് കമ്മറ്റികളുടെ അംഗീകാരം | 15.03.2018 |
| ഭരണസമതിയുടെ പദ്ധതി അംഗീകാരം | 21.03.2018 |
| ഡി.പി.സി അംഗീകാരം | 57/18/ഡിപിസി/ഡിപിഒ/തീയതി.23.3.2019 (ഭേദഗതിയുൾപ്പെട്ടയുള്ള അന്തിമപദ്ധതി) |

2018-19 പദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദേശങ്ങൾ പാലിക്കുന്നതിന് പഞ്ചായത്ത് ശ്രമിച്ചിട്ടുണ്ട്. എന്നാൽ, 1994 ലെകേരള പഞ്ചായത്ത് രാജ് നിയമം, മാർഗ്ഗരേഖ, ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം പദ്ധതി ആസൂത്രണം ചെയ്യുന്നതിനും നിർവ്വഹണം നടത്തുന്നതിനും പൂർണമായും സാധിച്ചിട്ടില്ല.

## ആസൂത്രണ സമിതി

2018-19 പദ്ധതി രൂപീകരണത്തിനായി ആസൂത്രണ സമിതി യോഗം ചേർന്നിട്ടുണ്ട്.

## സ്റ്റാറ്റസ് റിപ്പോർട്ട്

പതിമൂന്നാം പദ്ധതിയുടെ ആദ്യവർഷം തയ്യാറാക്കിയ അവസ്ഥാ റിപ്പോർട്ട് 2017-18 പദ്ധതിയുടെ വിശദാംശങ്ങൾ ചേർത്ത് പുതുക്കി.

## വർക്കിംഗ് ഗ്രൂപ്പുകൾ

2018-19 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകൾ രണ്ട് തവണ ചേർന്നിട്ടുണ്ട്. കരട് പദ്ധിതിരേഖയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രോജക്ടുൾ സംബന്ധിച്ച് 04.01.2018 ലെ യോഗത്തിൽ ചർച്ച ചെയ്തു. 06.02.2018 ലെ വർക്കിംഗ് ഗ്രൂപ്പ് വികസന സെമിനാറിൽ അവതരിപ്പിക്കേണ്ട കരട് പ്രോജക്ട് നിർദേശങ്ങൾ ശുപാർശ ചെയ്തു.

## സ്റ്റാന്റിംഗ് കമ്മറ്റികൾ

15.03.2018 ൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങളുടെ പരിധിയിലെ വിർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദേശങ്ങൾ പരിഗണിക്കുകയും അംഗീകാരത്തിനായി ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്തു.

## ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭ

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമസഭ യോഗം ഒരിക്കൽ മാത്രമാണ് ചേർന്നിട്ടുള്ളത്. ഗ്രാമസഭാ നിർദേശിച്ച മുൻഗണക്രമം അനുസരിച്ചല്ല പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്.

## വികസന സെമിനാർ

വികസന സെമിനാറിൽ അവതരിപ്പിക്കേണ്ട കരട് പദ്ധതി രേഖ പഞ്ചായത്ത് കമ്മിറ്റിയുടെ 01.03.2018 ലെ യോഗത്തിൽ അംഗീകരിച്ച (തീരുമാനം 1-4). 15.03.2018 ന് നടന്ന വികസന സെമിനാറിൽ കരട് പ്രോജക്ട് നിർദേശങ്ങൾ അവതരിപ്പിച്ചു.

## പദ്ധതി അംഗീകാരം

വികസന സെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി രേഖ തന്നെ അന്തിമ പദ്ധതി രേഖയായി 21.03.2018 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 3-2 തീരുമാന പ്രകാരം അംഗീകരിച്ചു. സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി അന്തിമ പദ്ധതിരേഖ 06.06.2018 ലെ 2-1 തീരുമാനപ്രകാരം അംഗീകരിച്ചു.

## പദ്ധതി ഭേദഗതി

2018-19 അംഗീകാരം ലഭിച്ച നിരവധി പ്രോജക്ടുകൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്തിട്ടുണ്ട്. കൂടാതെ, പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നത് വ്യക്തമായ കാരണങ്ങൾ കൂടാതെയാണ്. ഫീസിബിലിറ്റി സർട്ടിഫിക്കറ്റുകൾ ലഭിക്കാത്തതിനാൽ പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കാണുന്നു. സ്ഥലലഭ്യത ഉറപ്പാക്കാതെ ആവിഷ്കരിച്ച ലബ്ബക്കട ചെറുകിട വ്യവസായ കേന്ദ്രം എന്ന പ്രോജക്ട് ഉപേക്ഷിച്ച് ഏറ്റെടുത്ത പേഴുംകണ്ടം ചെറുകിട വ്യവസായ കേന്ദ്രം എന്ന പ്രോജക്ടും സ്ഥലലഭ്യതയില്ലാത്തതിനാൽ ഉപേക്ഷിച്ചു. ചപ്പാത്ത് ചെറുകിട വ്യവസായ യൂണിറ്റും സ്ഥല ലഭ്യത ഉറപ്പാക്കാതെ ആവിഷ്കരിച്ചതിനാൽ ഉപേക്ഷിച്ചു.

## പദ്ധതി നിർവ്വഹണം

2018-19 വാർഷിക പദ്ധതിയിൽ 31 സ്പിൽ ഓവർ പ്രോജക്ടുകളും (അടങ്കൽ-₹ 24601556/-) 90 പുതിയ പ്രോജക്ടുകളും (അടങ്കൽ-₹ 53242727/-)ഒരു ബഹുവർഷ പ്രോജക്ടുമാണ് (അടങ്കൽ-₹ 6300000/-) ഉൾപ്പെടുത്തിയത്. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 24 സ്പിൽ ഓവർ പ്രോജക്ടുകളിലായി ₹ 14928476യും 60 പുതിയ പ്രോജക്ടുകളിലായി ₹ 85190471 രൂപയും ബഹുവർഷ പ്രോജക്ടിൽ ₹ 6281796യും ചെലവഴിച്ചു. ആകെ പദ്ധതി അടങ്കലിന്റെ 64 ശതമാനം തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. സ്പിൽ ഓവർ പ്രോജക്ടുകളിൽ 7 എണ്ണം നടപ്പാക്കിയില്ല. വിവിധ വിഭവസ്രോതസുകളും അവയുടെ ചെലവിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വിഭവ സ്രോതസ് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 77895448 | 58231000 |
| വികസന ഫണ്ട്-പട്ടികജാതി പദ്ധതി | 13292000 | 6597886 |
| വികസന ഫണ്ട്-പട്ടികവർഗ്ഗ ഉപപദ്ധതി | 6137046 | 2982087 |
| തനത് ഫണ്ട് | 2131767 | 1382233 |
| മറ്റ് ഗ്രാമപഞ്ചായത്ത് | 5750000 | 0 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 9709000 | 4755690 |
| മറ്റുള്ളവ | 1176770 | 504103 |
| **ആകെ** | 116092031 | 74452999 |

## ഉല്പാദന മേഖല

* ഉല്പാദന മേഖലയിൽ ആവിഷ്കരിച്ച 25 പ്രോജക്ടുകളിൽ 13 എണ്ണം മാത്രമേ നടപ്പാക്കിയുള്ളൂ.

* പട്ടികജാതി വിഭാഗത്തിൽ ആവിഷ്കരിച്ച പളനിക്കാവ് ജലസേചനകുളം നവീകരണം (₹5.55 ലക്ഷം) എന്ന പ്രോജക്ട് നടപ്പാക്കിയില്ല. പട്ടിക വർഗ്ഗ വിഭാഗത്തിൽ ആവിഷ്കരിച്ച ചെന്നിനായ്ക്കൻകുടി ജലസേചനകുളം നവീകരണം (5.55 ലക്ഷം) പ്രോജ്കടിൽ ₹ 46437 മാത്രമാണ് ചെലവായിട്ടുള്ളത്.

* പാലിന് സബ്സിഡിക്ക് നീക്കിവച്ച 40 ലക്ഷം രൂപയും ചെലവഴിച്ചത് അഭിനന്ദാർഹമാണ്.

* കർഷക ഗ്രൂപ്പുകൾക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് 35.9 ലക്ഷം ചെലവഴിച്ചു. എന്നാൽ, സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്.

* ജലസേചന കുളങ്ങളുടെ നവീകരണത്തിനായി ആവിഷ്കരിച്ച 13 പ്രോജക്ടുകളിൽ 8 എണ്ണം നടപ്പാക്കിയിട്ടുണ്ട്.

## സേവന മേഖല

* സേവന മേഖലയിൽ ആവിഷ്കരിച്ച 47 പ്രോജക്ടുകളിൽ 38 എണ്ണം നടപ്പാക്കി (81 ശതമാനം). പട്ടികജാതി വിഭാഗത്തിൽ ആവിഷ്കരിച്ച നാലു പ്രോജക്ടുകളും നടപ്പാക്കിയപ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിൽ ആറിൽ അഞ്ച് പ്രോജക്ടുകളും നടപ്പാക്കി. എന്നാൽ, പദ്ധതി അടങ്കലിന്റെ യഥാക്രമം 56 ശതമാനവും 48 ശതമാനവും തുകകളെ ചെലവഴിച്ചിട്ടുള്ളൂ.

* ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് വിഹിതം (5 ലക്ഷം), പാലിയേറ്റീവ് കെയർ വിഹിതം (33 ലക്ഷം), അഗതിരഹിത കേരളം (4ലക്ഷം), ലൈഫ് വിഹിതം എന്നിവയാണ് നടപ്പാക്കിയ പ്രധാന പദ്ധതികൾ. എന്നാൽ, തുക കൈമാറിയിട്ടും വിനിയോഗ വിവരം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടില്ല.

* മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വൃക്കരോഗികൾക്ക് ഡയാലിസിസിന് 19.19 ലക്ഷം ചെലവഴിച്ചിട്ടുണ്ട്.

* 12 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം വാങ്ങി നൽകിയിട്ടുണ്ട്.

* പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് പഠനമുറിക്കും സ്കോളർഷിപ്പിനും പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും കാലതാമസം കാരണം ഗുണഭോക്താക്കൾക്ക് ഉദ്ദേശിച്ച പ്രയോജനം ലഭിച്ചിട്ടില്ല.

## പശ്ചാത്തല മേഖല

* പശ്ചാത്തല മേഖലയിൽ ആവിഷ്കരിച്ച 69 ശതമാനം പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

* വിവിധ റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ് പ്രവർത്തികളാണ് പ്രധാനമായും നടപ്പാക്കിയിട്ടുള്ളത്.

* ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്. എന്നാൽ, നിർമ്മാണ പ്രോജക്ടുകളിൽ ഭൂരിഭാഗവും 5 ലക്ഷത്തിൽ താഴെ എസ്റ്റിമേറ്റുള്ളതാണ്.

* 2018-19 ൽ ലഭിച്ച പൊതുവിഭാഗം വികസന ഫണ്ട് മുഴുവൻ ചെലവഴിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

* പട്ടികജാതി വിഭാഗം വികസന ഫണ്ടിൽ 56 ശതമാനവും പട്ടിക വർഗ്ഗ വികസനഫണ്ടിൽ 71 ശതമാനവും റോഡിതര സംരക്ഷണ ഗ്രാന്റിൽ 69 ശതമാനവും തുക ചെലവഴിച്ചിട്ടുണ്ട്. ഭാവിയിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് മുഴുവൻ ചെലവഴിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## പ്രത്യേക വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച പ്രോജക്ടുകൾ

* പ്രത്യേക വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച 13 പ്രോജക്ടുകളിൽ പത്തെണ്ണം നടപ്പാക്കിയിട്ടുണ്ട്. കുട്ടികൾക്കായി ആവിഷ്കരിച്ച 5 പ്രോജക്ടുകളും വൃദ്ധർക്കായി ആവിഷ്കരിച്ച രണ്ടു പ്രോജക്ടുകളും ഭിന്ന ശേഷിക്കാർക്കായി ആവിഷ്കരിച്ച മൂന്ന് പ്രോജക്ടുകളും യുവജന വികസനത്തിനായി ആവിഷ്കരിച്ച രണ്ട് പ്രോജക്ടുകളും നടപ്പാക്കിയിട്ടുണ്ട്.

* വനിത ഘടക പദ്ധതിയിൽ 6 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 3 എണ്ണം നടപ്പാക്കി. അടങ്കൽ തുകയുടെ 62 ശതമാനം ചെലവഴിച്ചു.

* വൃദ്ധർക്കായി നീക്കിവച്ച തുകയിൽ 53ശതമാനവും ഭിന്നശേഷിക്കാർക്കായി നീക്കിവച്ച തുകയിൽ 47 മാത്രമേ ചെലവഴിച്ചുള്ളൂ.

## വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ

* നിർവ്വഹണ ഉദ്യോഗസ്ഥരായ സെക്രട്ടറി, മെഡിക്കൽ ഓഫീസർമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവർ അടങ്കലിന്റെ 80 ശതമാനത്തിലധികം തുക ചെലവഴിച്ചിട്ടുണ്ട്.

* പ്രോജക്ടുകളുടെ ബാഹുല്യവും 2018 ലെ പ്രളയവും കാരണം നിരവധി പ്രോജക്ടുകൾ റിവൈസ് ചെയ്യുതതിനാലും പൊതുവിഭാഗം ജനറൽ ഫണ്ടിൽ ബാലൻസ് ഇല്ലാതിരുന്നതിനാലും അസിസ്റ്റന്റ് എഞ്ചിനിയർക്ക് 48 ശതമാനം തുക മാത്രമേ ചെലവഴിക്കുവാൻ സാധിച്ചുള്ളൂ.

* പട്ടികജാതി വികസന ഓഫീസർ, പട്ടിക വർഗ്ഗ വികസന ഓഫീസർ, ശിശുവികസന ഓഫീസർ എന്നിവരുടെ പദ്ധതി ചെലവ് യഥാക്രമം 34, 31, 50 ശതമാനമാണ്. ഗുണഭോക്തൃ പട്ടികയിലെ അപാകതകൾ കൃത്യസമയത്ത് പരിഹരിക്കാത്തത് കാരണം പ്രോജക്ട് നടപ്പാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്.

## പദ്ധതി മോണിറ്ററിംഗ്

വാർഷിക പദ്ധതിയുടെ മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ, 2018-19 ൽ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട യോഗമല്ലാതെ നിർവ്വഹണ പുരോഗതി വിലയിരുത്തി ഉചിത നിർദേശങ്ങൾ നൽകുന്നതിനും യഥാസമയം മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും യോഗങ്ങൾ ചേർന്നിട്ടില്ല. കൃത്യ ഇടവേളകളിലുള്ള ഫലപ്രദവും ക്രിയാത്മകവുമായ മോണിറ്ററിംഗിന്റെ അഭാവത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ച പ്രോജക്ടുകളും ഭിന്നശേഷിക്കാർക്കായി ആവിഷ്കരിച്ച മുച്ചക്ര വാഹന വിതരണ പ്രോജക്ടും ഭാഗികമായി മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 13/19 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി | 2600000 | 500000 |
| 2 | 48/19 | എസ്.സി പെൺകുട്ടികൾക്ക് പഠനമുറി | 4400000 | 1250000 |
| 3 | 86/19 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1000000 | 590000 |
| 4 | 15/19 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹന വിതരണം | 2000000 | 861600 |

പദ്ധതി നിർവ്വഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മറ്റികളും ക്രിയാത്മകമായി ഇടപെടേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2019-ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ സിറ്റിസൺ ഇൻഫർമേഷൻ കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല. വിവിധ വരവുകളും ചെലവുകളും കൃത്യമായ ഹെഡുകളിൽ അക്കൗണ്ട് ചെയ്യുന്നില്ല. കൃത്യമായി വിശദീകരണം നൽകി രസീതുകൾ പോസ്റ്റ് ചെയ്യേണ്ടതാണ്.

കിലയിൽ നിന്നും മറ്റും ലഭിച്ച പരിശീലന ഗ്രാന്റുകൾ പല ഹെഡുകളിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. തനത് ഫണ്ടിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയുടെ കൂലിച്ചെലവ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നൽകിയ തുകകൾ മുൻകൂറായി അല്ല ബുക്ക് ചെയ്തത്. വരവുകളും ചെലവുകളും കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതാണ്. മറ്റ് സ്ഥാപനങ്ങൾക്ക് നൽകുന്ന തുകകൾക്ക് ഔദ്യോഗിക രസീത് വാങ്ങേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഫീസ് ഓർഡർ വഴി ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് പരിധിയിൽ നിന്ന് ചെലവ് ചെയ്യേണ്ടതും പരിഷ്കരിച്ച ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്.

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കേണ്ടതും ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ എല്ലാ മാസവും പൊരുത്തപ്പെടുത്തൽ നടത്തേണ്ടതുമാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരിക്കുന്ന രീതി ആരംഭിക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം ഓരോ മാസത്തെയും വൗച്ചർ ലിസ്റ്റ് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ, ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പ്പെടുന്നില്ല.

സ്റ്റാന്റിംഗ് കമ്മറ്റികൾ 24.03.2018 ന് 2018-19 പദ്ധതിക്കുള്ള പ്രോജക്ടുകൾ ജനറൽ കമ്മറ്റിയുടെ പരിഗണനയ്ക്കായി ശുപാർശ ചെയ്തിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07.2018 മുതൽ 28.07.2018 വരെ | 2017-18 | 29.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.03.2019 മുതൽ 13.03.2015 വരെ | 2009-10 മുതൽ 2013-14 വരെ | 01.06.2015 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. മാറാത്ത ചെക്കുകളുടെ വിവരം ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. (നം. 352802010031775) ചെക്ക് നം. 94685/17.11.16 ₹4500/-, 94692/19.09.17 ₹1200/-.

2. എൻ.ആർ.ഇ.ജി.എ.-യ്ക്ക് വേണ്ടിയുള്ള എസ്.ബി.എെ. അക്കൗണ്ടിലെ (നം.67149152185) മുൻബാക്കി, നീക്കിബാക്കി തുകകൾ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-12 കാർഷിക യന്ത്രസാമഗ്രികൾ ടെണ്ടർ നടപടി ഇല്ലാതെ വാങ്ങി-ചെലവ് തടസ്സം ₹3590550-ജി.എസ്.ടി.ഇനത്തിൽ നഷ്ടം

| | |
|---|---|
| പ്രോജക്ട് | സമഗ്ര കൃഷി വികസനം കാർഷിക ഗ്രൂപ്പുകൾക്ക് |

| | |
|---|---|
| | യന്ത്ര സാമഗ്രികൾ വാങ്ങൽ (88/19) |
| അടങ്കൽ | 3600000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| ചെലവ് | 3590550/- |

കാർഷിക ഗ്രൂപ്പകൾക്ക് കളവെട്ടിയന്ത്രം, പവർ സ്പ്രയർ എന്നിവ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് പദ്ധതി. 79 കാർഷിക ഗ്രൂപ്പകൾക്ക് കളവെട്ടിയന്ത്രം, പവർ സ്പ്രെയർ എന്നിവ വിതരണം ചെയ്ത പദ്ധതിയുടെ നടത്തിപ്പിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

പ്രോജക്ട് രൂപീകരണ ഫോറം 1 ക്രമനമ്പർ 13-ൽ നിർവ്വഹണരീതി ടെണ്ടർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടെണ്ടർ ക്ഷണിക്കാതെയാണ് പദ്ധതി നടപ്പാക്കിയത്. ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 19/11/2018-ലെ സാധാരണ മീറ്റിംഗിലെ 3-ാം നമ്പർ തീരുമാനത്തിൽ, 20/10/2018-ലെ ജി.ഒ(ആർ.റ്റി)നം 1047/2018/അഗ്രി. പ്രകാരം, കെയ്കോയിൽ നിന്നും യന്ത്ര സാമഗ്രികൾ വാങ്ങുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി. എന്നാൽ പരാമർശിത ഉത്തരവ് കൃഷിവകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്ക് മാത്രം ബാധകമായതാണ്. കെയ്കോ, റെയ്ഡ്കോ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്ക് കാർഷികോപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയാണിത്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന ഉപകരണങ്ങൾക്ക് മാത്രമാണ് ഈ അനുമതി എന്ന് സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.22-ൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02/12/2016-ലെ സ.ഉ. (സാധാ)3299/2016- നമ്പർ ഉത്തരവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന ഉപകരണങ്ങൾ മാത്രമാണ് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നല്കിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 13/12/2018-ലെ സാധാരണ മീറ്റിംഗിലെ 2-ാം നമ്പർ തീരുമാനത്തിൽ 2 എച്ച്.പി ഹോണ്ട എഞ്ചിനും സ്പ്രെയറും 50 മീററർ ഹോസും കെയ്കോയിൽ നിന്നും കളവെട്ടി യന്ത്രം റെയ്ഡ്കോയിൽ നിന്നും വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് 79 യന്ത്രങ്ങൾ വാങ്ങി സംഘങ്ങൾക്ക് വിതരണം നടത്തി. ഹോണ്ട എഞ്ചിൻ, സ്പ്രെയർ, ഹോസ്, കളവെട്ടിയന്ത്രം തുടങ്ങിയവയൊന്നും കെയ്കോ റെയ്ഡ്കോ എന്നീ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്നില്ല. ആയതിനാൽ ടെണ്ടർ നടപടികൾ കൂടാതെ ഇവ വാങ്ങിയത് സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 3590550/-- രൂപയുടെ ടെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (എ)പവർ സ്പ്രേയർ വിതരണം -ജി.എസ്.ടി.ഇനത്തിൽ ₹282146/-യുടെ നഷ്ടം

പൊതുമേഖലാ സ്ഥാപനമായ കെയ്കോ 2 എച്ച്.പി ഹോണ്ട എഞ്ചിനും സ്പ്രെയറും 50 മീററർ ഹോസും വിതരണം ചെയ്തതിന് നല്കിയ ബില്ലിന്റെ മാതൃക ചുവടെ നല്കുന്നു

| Si No | Description of Goods | HSN/SAC | GSTrate | Quantity | Rate | Per | Disc% | Amount |
|---|---|---|---|---|---|---|---|---|
| 1 | 2HP Honda HTP Sprayer with50 m Hose<br>SGST<br>CGST<br>Round Off | 84248200 | 12% | 1nos | 22321.429 | Nos | | 22321.429<br>1339.286<br>1339.286<br>(-)0.001 |
| | Total | | | 1nos | | | | 25000 |

2HP ഹോണ്ട എഞ്ചിനും സ്പ്രെയറും ഹോസും മൂന്ന് വ്യത്യസ്ത സാമഗ്രികളാണ്. . ഏതെങ്കിലും ഒരു കമ്പനിയുടെ ഒറ്റ ഉല്പന്നമല്ല വിതരണം നടത്തിയത്. നിലവിലുള്ള ജി.എസ്.ടി നിയമമനുസരിച്ച്, വ്യത്യസ്ത സാമഗ്രികൾ സംയോജിപ്പിച്ച് പ്രത്യേക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഒരു ഉല്പന്നമായി (സംയോജിത ഉല്പന്നം) വിറ്റഴിക്കുമ്പോൾ അതിൽ ഉപയോഗിച്ചിരിക്കുന്ന സാമഗ്രികളിൽ ഏതിനാണോ ഉയർന്ന നികുതി അത് ആ ഉല്പന്നത്തിന് മുഴുവൻ ബാധകമാകുന്നതാണ്. ഇവിടെ, വിതരണം നടത്തിയിരിക്കുന്ന 2HP ഹോണ്ട എഞ്ചിന് 28 ശതമാനം നികുതി (HSN CODE 84099192) ബാധകമാണ്. എന്നാൽ, കെയ്കോ-യുടെ ബില്ലിൽ, സ്പ്രെയറിന് ബാധകമായ, HSN CODE ആയ 84248200 രേഖപ്പെടുത്തി 12 ശതമാനം നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. തൻമൂലം ജി.എസ്.ടി.ഇനത്തിൽ 16 ശതമാനം വീതം നികുതി നഷ്ടമാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | ഇനം | യൂണിറ്റ് വില ₹ | ഈടാക്കിയ നികുതി(12%) ₹ | ഈടാക്കേണ്ടുന്ന നികുതി (28%) ₹ | കുറവ് ₹ |
|---|---|---|---|---|---|
| 1 | 2HP Honda HTP Sprayer with50 m Hose | 22321.429 | 2678.528 | 6250.00012 | 3571.472 |

